സീറോ ലാന്റ്‌ലെസ് പദ്ധതി

125 (1154) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതർക്ക് 3 സെന്റ് ഭൂമി പതിച്ചുകൊടുക്കുന്ന സീറോ ലാന്റ്‌ലെസ് പദ്ധതിപ്രകാരം എത്ര പേർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ; ഇതിൽ എത്രപേർക്ക് പട്ടയം നൽകി ;

(ബി) പട്ടയം നൽകിയ 3 സെന്റ് ഭൂമികളിൽ പലതും വീടുവയ്ക്കാൻ കഴിയാത്തവണ്ണം പാറ നിറഞ്ഞതും കാട്ടുമൃഗങ്ങളുടെ ശല്യം ഉള്ളതുമായ പ്രദേശമാണ് എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തുനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) അപേക്ഷിച്ച മുഴുവൻ പേർക്കും ഭൂമി നൽകുന്നതിന് ഭൂമി ലഭ്യമായിട്ടുണ്ടോ ; ലഭ്യമായ ഭൂമിയുടെ അളവ് എത്രയാണ് ;

(ഡി) ഇതുപ്രകാരം എത്രപേർക്ക് 3 സെന്റ് വീതം പട്ടയം നൽകാനാകും ; വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സീറോ ലാന്റ്‌ലെസ് പദ്ധതിയിൽ ആകെ 3,59,038 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളിന്മേൽ വിശദമായ അന്വേഷണം നടത്തി നിശ്ചിത മാനദണ്ഡങ്ങൾക്കനുസൃതമായി തെരഞ്ഞെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ 36,491 പേർക്ക് ഒന്നാം ഘട്ടമായി പട്ടയം അനുവദിച്ചിട്ടുണ്ട്.

(ബി) വാസയോഗ്യമായ 3 സെന്റ് ഭൂമി വീതം വിതരണം ചെയ്യുന്നതിനുള്ള നടപടികളാണ് ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ജില്ലാ കളക്ടർമാർ സ്വീകരിച്ചത്. ആക്ഷേപങ്ങളുടെ നിജസ്ഥിതി മനസ്സിലാക്കി ആവശ്യമുള്ള കേസുകളിൽ പ്ലോട്ടുകൾ മാറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) മുഴുവൻ ഗുണഭോക്താക്കൾക്കും നൽകുന്നതിനാവശ്യമായ ഭൂമി നിലവിൽ ലഭ്യമായിട്ടില്ല. കണ്ടെത്തിയ മുഴുവൻ ഭൂമിയും വിതരണം ചെയ്തിട്ടില്ല. കോടതിക്കേസുകളും തടസങ്ങളും തർക്കങ്ങളും ഉള്ളത് ആദ്യഘട്ടത്തിൽ ഒഴിവാക്കി. അനുയോജ്യമായ ഭൂമി കണ്ടെത്തുന്ന നടപടികൾ വില്ലേജ്, താലൂക്ക് തലത്തിൽ നടന്നുവരുന്നു. കണ്ടെത്തിയ ഭൂമിയിൽ സർവ്വേ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർവ്വേ നടപടികൾ പൂർത്തിയായാൽ മാത്രമേ ലഭ്യമായ ഭൂമിയുടെ അളവ് കൃത്യമായി തിട്ടപ്പെടുത്താൻ കഴിയുകയുള്ളുവെന്ന് കാണുന്നു.

(ഡി) ഭൂമി കണ്ടെത്തുന്ന പ്രവർത്തനങ്ങളും സർവ്വേ നടപടികളും പൂർത്തിയായാൽ മാത്രമേ പട്ടയം നൽകാൻ കഴിയുന്ന ഗുണഭോക്താക്കളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly